**ശുചിത്വമിഷൻ**
**തദ്ദേശസ്വയംഭരണ വകുപ്പ്**
**കേരള സർക്കാർ**

**25.10.2025**

## പത്രക്കുറിപ്പ്

## ക്ലൂ വരുന്നു, ഇനി 'ആ'ശങ്ക വേണ്ട

മഴക്കാലത്ത് ഹ്രസ്വദൂരയാത്രകൾക്ക് പോലും തയ്യാറെടുക്കുന്നവരുടെ ഉള്ളിലെ പ്രധാന ആശങ്കകളിലൊന്ന് യാത്രയ്ക്കിടയിലെ ശുചിമുറി ഉപയോഗമാണ്. സ്ത്രീകളെയും പ്രായമായവരെയും പ്രമേഹം ഉൾപ്പെടെയുള്ള രോഗബാധിതരെയും കുട്ടികളെയുമെല്ലാം നിരന്തരമായി അലട്ടുന്ന ഈ പ്രശ്നത്തിന് അറുതിവരുത്താൻ മുൻകൈയെടുക്കുകയാണ് സംസ്ഥാന സർക്കാരിനു വേണ്ടി ശുചിത്വ മിഷൻ. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 'മാലിന്യമുക്തം നവകേരളം' പദ്ധതിയുടെ ഭാഗമായി 'ക്ലൂ' (KLOO) എന്നപേരിൽ ഇതിനായി ഒരു പ്രത്യേക ആപ്ലിക്കേഷൻ നിലവിൽ വരുന്നു.

യാത്രക്കാർക്ക് ആവശ്യമുള്ളപ്പോൾ തൊട്ടടുത്തുള്ള വൃത്തിയുള്ള ശുചിമുറി കണ്ടെത്താൻ ഈ ആപ്പ് സഹായിക്കും. ഫ്രൂഗൽ സയിന്റിഫിക്ക് എന്ന സ്റ്റാർട്ടപ്പാണ് ക്ലൂ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിൽ സാങ്കേതിക സഹായം നൽകിയത്. കേരള ഹോട്ടൽ & റസ്റ്റോറൻറ് അസോസിയേഷൻ ശുചിത്വമിഷനോടൊപ്പം ഈ സംരംഭത്തിന്റെ പാർട്ട്നർ ആയി പ്രവർത്തിക്കുന്നു.

പുതുതായി ശുചിമുറികൾ നിർമ്മിക്കുന്നതിലെ കാലതാമസം കണക്കിലെടുത്ത്, സ്വകാര്യമേഖലയിൽ ഉൾപ്പെടെ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹോട്ടലുകൾ, റെസ്റ്ററന്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ശുചിമുറികളെ ആപ്പുമായി ബന്ധിപ്പിച്ചുവരുന്നു.

യാത്രക്കാർക്കും, പൊതുജനങ്ങൾക്കും ആപ്പിൽ ലഭ്യമാക്കിയിരിക്കുന്ന ഇത്തരം ശുചിമുറികളുടെ സേവനം ഉപയോഗിക്കാവുന്നതാണ്. കേരള ലൂ ( Kerala Loo) എന്നതിന്റെ ചുരുക്കെഴുത്തായാണ് ആപ്പിന് ക്ലൂ എന്ന പേര് നൽകിയിരിക്കുന്നത്. റിയൽ ടൈം അപ്ഡേറ്റുകൾ, മാപ്പിൽ ലഭ്യമാക്കുന്ന കൃത്യതയാർന്ന സ്ഥലവിവരങ്ങൾ, ശുചിമുറികൾ ലഭ്യമായ സ്ഥാപനങ്ങളുടെ പ്രവർത്തനസമയം എന്നിവ കൂടാതെ ശുചിമുറിയുടെ വൃത്തിയുടെയും മറ്റ് സൗകര്യങ്ങളുടെയും ഗുണനിലവാര റേറ്റിങ് ഉപയോക്താക്കൾക്ക് രേഖപ്പെടുത്താനുള്ള സംവിധാനവും ഇതിലുണ്ട്. ആപ്പിൽ അംഗമാകുന്ന സ്ഥാപനം നൽകുന്ന സേവനങ്ങൾ, റെസ്റ്റോറന്റുകളിലെ സിഗ്നേച്ചർ ഡിഷ്, മറ്റ് ഭക്ഷണവിഭവങ്ങൾ, സൗകര്യങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ആപ്പിൽ നല്കുകവഴി ഇതുമായി സഹകരിക്കുന്ന സ്ഥാപനങ്ങൾക്ക് ഉപയോക്താക്കൾക്കിടയിൽ പ്രചാരം വർദ്ധിക്കാനും ഈ സംവിധാനം വഴിയൊരുക്കും.

ഓരോ ജില്ലയിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ശുചിത്വ മിഷൻ എന്നിവയുടെ മേൽനോട്ടം ക്ലൂ പ്രവർത്തനങ്ങൾക്കുണ്ടാകും.വൈകാതെ ആൻഡ്രോയ്ഡ്, ഐഒഎസ് പ്ലാറ്റ്ഫോമുകളിൽ ലഭ്യമാകുന്ന ക്ലൂ ആപ്പിലേക്ക് ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ശുചിമുറികൾ ലഭ്യമായ മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ ഈ മാസം 28 മുതൽ ആരംഭിക്കുമെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു. വി. ജോസ് അറിയിച്ചു. https://suchitwamission.org എന്ന ശുചിത്വമിഷൻ വെബ് സൈറ്റ് വഴിയാണ് രജിസ്ട്രേഷൻ നടത്തേണ്ടത്.

രജിസ്ട്രേഷൻ പുറമേ ഈ സംരംഭത്തിൽ പാർട്ട്നർ ആയി പ്രവർത്തിക്കാൻ താല്പര്യമുള്ള ഏജൻസികൾ 9074865493 എന്ന് നമ്പരിൽ ബന്ധപ്പെടണമെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

റവന്യൂ കോംപ്ലക്സ്, 4th ഫ്ലോർ, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം – 695033
ഫോൺ : 0471- 2312730, 2319831, ഇ-മെയിൽ : sanitationkerala@gmail.com